LIBRARY ARCHIVES Kerala Legislative Assembly

ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് തൊഴിലാളികളെ ഇ.എസ്.ഐ സ്കീമിൽ നിന്നും ഒഴിവാക്കാൻ നടപടി

76 (241) ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് തൊഴിലാളികളെ ഇ.എസ്.ഐ. സ്കീമിൽ നിന്നും ഒഴിവാക്കുന്നത് സംബന്ധിച്ച് നൽകിയ നിവേദനത്തിൻ മേൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

ഇല്ല. ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ജനറൽ ലേബർ യൂണിയൻ തൽസംബന്ധമായി ഫയൽ ചെയ്ത ഒ.പി. ഹൈക്കോടതിയിൽ നിലവിലുണ്ട്.

മരംകയറ്റതൊഴിലാളികൾക്ക് ധനസഹായം

77 (242) ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മരം കയറ്റ തൊഴിലാളികൾക്ക് അപകടം സംഭവിക്കുമ്പോൾ നൽകുന്ന ധനസഹായം വർദ്ധിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇപ്പോൾ നൽകുന്ന സഹായം ചികിത്സക്ക് അപര്യാപ്തം ആണെന്ന് പരിഗണിച്ച് തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) മരം കയറ്റ തൊഴിലാളികൾക്ക് അപകടം സംഭവിക്കുമ്പോൾ ഇപ്പോൾ നൽകി വരുന്ന ധനസഹായം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലാണ്.

സ്ത്രീ തൊഴിലാളികൾക്ക് തൊഴിൽ സംരക്ഷണം

78 (243) ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കശുവണ്ടി ഫാക്ടറികളിലും, കയർ, മത്സ്യ സംസ്കരണ ഫാക്ടറികളിലും ജോലി ചെയ്യുന്ന സ്ത്രീ തൊഴിലാളികൾക്ക് തൊഴിൽ സുരക്ഷിതത്വം ഉറപ്പാക്കുവാൻ വേണ്ട സത്വര നടപടി സ്വീകരിക്കുമോ;

(ബി) ചില സ്വകാര്യ മത്സ്യ സംസ്കരണ ഫാക്ടറികളിലും കയർ ഫാക്ടറികളിലും ന്യായമായ വേതനവും മറ്റ് ആനുകൂല്യങ്ങളും നല്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത തൊഴിലാളികൾക്ക് ന്യായമായ വേതനവും പ്രാഥമിക സൗകര്യങ്ങളും ഏർപ്പെടുത്താൻ നിർദ്ദേശം നൽകുമോ ?